# മണിക്കിലുക്കം

ദിവസങ്ങള് കടന്നു പൊയക്കൊണ്ടേയിരുന്നു. ഒരു മുന്നറിയിപ്പും ഇല്ലാതെ, എന്നാല് എന്നറിയും! എന്നതിനു വേണ്ടിയുള്ള കാത്തിരിപ്പ് ഒരിക്കലും തീര്ന്നില്ല. ഉത്തരം കിട്ടാതെയുള്ള നീണ്ട കാത്തിരുപ്പ്.

ക്രീം ക്രീം ക്രീം....... ഒരു നീണ്ട മണിയടിയുടെ ശബ്ദത്തിനൊപ്പം ഞാനും ഓടിയെത്തി.

കയ്യിലിരുന്ന പ്ലേറ്റിലെ ആഹാരം താഴെ വീഴുന്ന ശബ്ദം, ഞാന് കേട്ടില്ല, കാലിലെ ചെരുപ്പ് തട്ടിത്തെറുപ്പിച്ച് സകല ശക്തിയും എടുത്തു ഞാന് ഓടി.

എന്റെ ഓട്ടത്തിന്റെ ശക്തി കൊണ്ട് ,എന്തിനെയോ പിടിച്ചു നിര്ത്താനുള്ള വെമ്പല് .തണുത്ത ഒരു വാതിലിന്നരികില് ആണ് എന്റെ ഓട്ടം നിലച്ചത് .പച്ച നിറമുള്ള ഷീറ്റിനരികില് , കയ്യെത്താവുന്ന ദൂരത്തില് ,ഞാന് എത്തിപ്പിടിക്കാന് ശ്രമിച്ചു.പുറത്ത് തകര്ത്ത് ആര്ത്ത് പെയ്യുന്ന മഴയില് എന്റെ കണ്ണുനീരിന്റെ തുള്ളികള് അലിഞ്ഞില്ലാതെയായി. അന്ന് ആ നിമിഷം എന്റെ എല്ലാ ബന്ധങ്ങളും ഈ ലോകത്തോട് അവസാനിച്ചു.

ഇല്ല, ......അവസാനിച്ചു എന്ന് എനിക്കു മാത്രം മനസ്സിലായി. ഒരു കൂടൊഴിഞ്ഞു , ഇരുട്ടിന്റെ മറവിലേക്ക് പറന്നു പോയ കിളിയെ ഞാന് തിരുഞ്ഞു നോക്കി വീണ്ടും വീണ്ടും ,

ലെനു , ഒന്നു വെളിയിലേക്ക് ഇറങ്ങി നില്ക്കു !

ഞാന് ഇവിടെ നിന്നോട്ടെ, സിസ്റ്റര് , ഒന്നു കണ്ടോട്ടെ!!

പറ്റില്ല.. ഇവിടെ ആരും നില്ക്കാന് സാധിക്കില്ല, വെളിയില് നില്ക്കു, സിസ്റ്റര് .....ഞ്ചും, എന്നെ ഇറക്കി വിടാനുള്ള ആജ്ഞ, വെളുത്ത കോട്ടിനുള്ളിന് നിന്നുള്ള ആ ശബ്ദത്തില് ,ഒരു ദാക്ഷ്യണ്യവും ഇല്ല..

സ്തബ്ധയായി നിര്നിമേഷയായി , നില്ക്കുന്ന എന്നെ ഏതോ കൈകള് നിര്ബന്ധപൂര്വ്വം പുറത്തിട്ടുരുന്ന ബെഞ്ചില് കൊണ്ടുചെന്നിരുത്തി. ഇനിയെന്ത് എന്ന ചോദ്യം , എന്റെ ഓരോ നാടികളെയും തളത്തിക്കോണ്ടിരിക്കയാണ്. എല്ലാ ചോദ്യങ്ങള്ക്കും ഉത്തരങ്ങള് തന്നിരുന്ന, അല്ലെങ്കില് എന്റെ ചോദ്യങ്ങളുടെ ശരിയായ ഉത്തരങ്ങളുടെ നിറഞ്ഞ ഒരു മനസ്സ്! എന്നന്നേക്കുമായി എനിക്കില്ലാതാകുകയാണോ? ദൈവം ഇത്ര ദുഷ്ടത കാണിക്കില്ല എന്നോട്? ഇല്ല, തളര്ന്ന് സപ്തനാടികളും തളരുന്നത് ഞാന് അറിഞ്ഞു. കണ്ണില് ഇരുട്ടു കയറുന്നത് ഞാന് അറിഞ്ഞു.

മോളെ...... മോളെ എന്നുള്ള അവ്യക്തമായ വിളിമാത്രം ഞാന് കേട്ടു.

മുഖത്തേക്കു തെറിച്ചു വീണ മഴത്തുള്ളികള് എന്റെ ഹൃദത്തെപ്പോലെതന്നെ ,ശരീരത്തെയും ഓര്മ്മയിലേക്ക് തിരികെ വിളിച്ചു. " ഈ സമയത്ത് നീ തളരരുത്, ഇപ്പോ എനിക്ക് നിന്റെ സംയ്മമനം ആണ് ആവശ്യം" എന്റെ മുഖം കണ്ണുമിഴിച്ച് എങ്ങോട്ടോ നോക്കി. രണ്ടു കയ്യും കൂട്ടിയുരച്ച് ചൂടക്കി,എന്റെ മുഖത്ത് വെക്കുന്ന കൈകള്ക്ക് ബിനുവിന്റെ ഛായ!! .എന്റെ മുഖത്ത് തെളിഞ്ഞു കാണാവുന്ന മരവിപ്പ് മാറ്റാന് ചൂടുപകരാന് ശ്രമിക്കുന്ന ആ കൈകള്ക്ക് സാധിച്ചില്ല.

ബിനു ' തണുത്ത വാതില് നിന്നുള്ള സിസ്റ്ററിന്റെ വിളി.....

കതകിലൂടെ അകത്തേക്ക് പോയ ബിനുവിന്റെ പിറകില് ' മറ്റൊരു നിഴല് ' എന്നെ വീണ്ടും വീണ്ടും നോക്കുന്നോ, ഒന്നു ഇല്ല ' എന്ന ചിരപരിചിതമായ ആംഗ്യഭാഷ ഞാന് അവ്യക്തമായി കണ്ടു...... , മനസ്സിന്റെ തോന്നലാവാം മഴത്തുള്ളികള് വീഴുന്ന ആശുപത്രിയുടെ തിണ്ണയില് , നനഞ്ഞ ബെഞ്ചില് ഞാന് മാത്രം ,ജീവിതത്തിലും തനിച്ചായ ഞാന് മറ്റൊന്നും ശ്രദ്ധിച്ചില്ല. എല്ലാം

അവസാനിച്ചു എന്നു തീരുത്തും മനസ്സിലായി. എങ്കിലും പ്രതീക്ഷകള് ചിറകുവിരിച്ചു , കാറ്റിന്റെ ഇരമ്പലില് . ഇല്ല തീരുത്തും ഇല്ലാതായിത്തീരുന്ന, അല്ലെങ്കില് എഴുതിത്തീർന്ന ഒരു കഥപോലെ ,ഇനി ആവർത്തനവിരസമായ കഥാപാത്രം. എന്റെ ഡാഡി..... ജീവിതത്തിലും മരണത്തിലും , ജീവന്റെ അർത്ഥം എന്നും എന്നെ കാണിച്ചു തന്നെ എന്റെ ഡാഡി. തണുത്തുറഞ്ഞ വാതിലില് തുറന്ന് ഇറങ്ങി വന്ന ബിനുവിന്റെ കൂടെ വന്ന സിസ്റ്റർ ' സാരമില്ല ,ചെറിയ ഒരു ശ്വാസം മുട്ടല് ആയിരുന്നു' ഇപ്പൊ കുഴപ്പമില്ല, നിങ്ങള് മുറിയിലേക്ക് പൊയ്ക്കോളൂ.ഐ സി യു വാതില്പ്പഴുതിലൂടേ ഞാന് നോക്കിയപ്പോള് , ;ഇന്നു വേണ്ട' !!!എന്നു പറയുന്ന , 'വെറുതെ തലവേദന വേണ്ട രാത്രിയില്' എന്നു പിറുപിറുക്കുന്ന ,ഒരു മുഖപരിചയവും ഇല്ലാത്ത ഡോക്ടര് ..... എന്റെ പാതിമുഖം വാതിലില്ക്കൂടി കണ്ടു , ഒന്ന് അന്ധാളിച്ചു എന്നു തോന്നുന്നു......ആയിരിക്കില്ല, സിസ്റ്റർ വന്നു വാതില് ചേർത്തടച്ചു.

ഇതിയാനെവിടെ ഡോക്ടര് ചാക്കോ!!!

വീണ്ടും സിസ്റ്റർ..മുറിയിലേക്ക് പൊയ്ക്കോളൂ, എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കില് അറിയിക്കാം.....മനസ്സില്ലാമനസ്സോടെ ,ഞാന് നടകയറി മുറിയിലേക്ക്.....നഷ്ടപ്പെട്ടു എനിക്കു തീർച്ചയായിരുന്നു, എന്റെ ശരീരത്തിന്റെ ഭാഗം അടർന്നു മാറി, ഇല്ലാതാകുമ്പോള് എനിക്കല്ലെ അതിന്റെ വേദന, മനസ്സിലാകൂ!അതോടെ എന്റെ ജീവിതം , നിശ്ചലമാവുന്നത് ഞാന് അറിഞ്ഞു......മറ്റൊരാളോടു പറഞ്ഞറിയിക്കാന് പറ്റാത്ത ഒറ്റപ്പെടല്!

രാത്രി ബാക്കി ,എങ്ങിനെയോ നീങ്ങി, ഓർമ്മയില്ല, കഴിച്ചതിന്റെ ബാക്കി ,ചവറ്റുകൊട്ടക്ക് ആഹാരമായ് മാറി.വീണ്ടും വീണ്ടും മഴമാത്രം ബാക്കിയായി......ഒരിക്കലും കിട്ടാത്ത മൊബൈലും , നെറ്റ്വർക്കും , ഇടിമിന്നലിന്റെ ശക്തിയില് പൂർണ്ണമായും നിലച്ചു.നാളെ വരാന് പോകുന്ന പേമാരിയപ്പറ്റി വിചാരിച്ചിട്ടാവണം,' ബിനു ,ഓക്കാനവും പരവേശവും, നീണ്ട ഫോണ് സംഭാഷണങ്ങളും , നെറ്റ്വർക്കിന്റെ കുഴപ്പങ്ങളെയും കുറിച്ച് പറഞ്ഞു കൊണ്ടേയിരുന്നു.

എന്റെ സഹോദരന് എന്ന മനുഷ്യനെ , വിളിച്ചു വിളിച്ചു തളർന്നു ബിനു ........ഒരു ദുർബല നെറ്റ്വർക്കില് അവനെ കുരുക്കിയെടുത്തു, 'ഡാഡി അങ്ങനെയൊന്നും മരിക്കില്ല' ഉത്തരം ഉടനടി വന്നു, 'ചെയ്ത പാപം എല്ലാം തീരണ്ടേ!!! അവ്യക്തമായി സ്പീക്കർ സന്ദേശംഎന്റെ കാതിലും എത്തി എന്നു മനസ്സിലാക്കിയ ബിനു ,ഹോസ്പിറ്റലിന്റെ ഇടനാഴിയിലേക്കു നീങ്ങി......എടാ എന്താ ഏതാന്നു നമുക്കറിയില്ലല്ലോ......ഒന്നു വന്നു കണ്ടിട്ടു പോ' നീ....ഇതും നടന്നു നീങ്ങുന്ന ബിനുവിന്റെ ശബ്ദം മഴയുടെ ഇരമ്പലില് അലിഞ്ഞു ചേർന്നു.ശരീരവും മനസ്സും ഒരു പോലെ തളർന്നു എന്നു തോന്നിത്തുടങ്ങി.

രാവിലെ എന്ന കാത്തിരുപ്പിനു പ്രത്യേകത ഒന്നും ഉണ്ടായിരുന്നില്ല, വിചാരിച്ചിരുന്ന പോലെ മറിയാമ്മ സിസ്റ്റർ എന്നെയും ബിനുവിനെയും വിളിപ്പിച്ചു, ' അപ്പച്ചനിത്തിരി കൂടുതല് ആണ്, മോള് ധൈര്യം കൈവിടാതെ , ഒരു കാര്യം ചെയ്യണം' എവിടെയും ഉറക്കാത്തെ എന്റെ നോട്ടം ആരിലും തന്നെ എത്തിയില്ല, ഇതിനിടെ ബിനുവിന്റെ കയ്യിലേക്ക് ഞാന് വഴുതിവീഴുന്നത് ഞാനും അറിഞ്ഞില്ല, എന്നെ താങ്ങി നിർത്തിയ മറിയാമ്മ സിസ്റ്റർ പറഞ്ഞു, ..... വേണ്ട' അവളു തന്നെ ചെയ്യണോ? ചോദ്യം ബിനുവിന് നിന്നു എത്തി.....വേണം, മറിയമ്മ സിസ്റ്റർ,' മോള് ഈ വെന്റിലേറ്ററിന്റെ സ്വിച്ച് ഒന്നു ഓഫ് ആക്കണം' പപ്പായുടെ ജീവിന് ഇപ്പോ നമ്മള് പിടിച്ചു വച്ചിരിക്കയാ' അതു ഇനി മോൾക്കേ ഓഫാക്കാന് അധികാരം ഉള്ളൂ.വീണ്ടു മനസ്സിന്റെയും നോട്ടത്തിന്റെ ഉറക്കാത്ത ചുവടുമായി, എന്നെ വട്ടം താങ്ങിപ്പിടിച്ചിരിക്കുന്ന സിസ്റ്റർ മറിയാമ്മയുടെ കൂടെ ഞാന് നടന്നു, എനിക്കു നടക്കാന് സാധിക്കുന്നില്ല, ഇറുകെ ഞാന് പിടിച്ചിരിക്കുന്ന തണുത്തു വിറങ്ങലിച്ച വിരലുകളിലേക്ക് ഞാന് തിരിഞ്ഞു നോക്കി' എല്ലാവരുടെയും സംസാരത്തിനും വർത്താനത്തിനും ഇടയില് ഞാന് പരതിയ എന്റെ ഡാഡിയുടെ വിരലുകള് സിസ്റ്റർ വിടുവിച്ചു. 'വേണ്ട' എനിക്കു വേണ്ട........ഞാന് സർവ്വ ശക്തിയും എടുത്തു കൈ കുടഞ്ഞു.'അതു പറഞ്ഞാല് പറ്റില്ല, മോള് തന്നെ ചെയ്യണം' എന്റെ കൈകള് ഉയർത്തി സിസ്റ്റർ, ഡാഡിയുടെ വിരലുകളെക്കാള് തണുത്ത സിച്ചില് വെച്ചു, ഞാന് എന്തിലോ കൈയ്യമർത്തി. നീണ്ട ഒരു മൂളലില് എല്ലാം അവസാനിച്ചു......'മതി, ഇനി കുഞ്ഞ് ഒന്നു മനസ്സു തുറന്നു കരയൂ''സിസ്റ്റർ മറിയാമ്മ.

കരയാം , ഞാന് കരയാം.........എന്റെ ശബ്ദം ഞാനും കേട്ടു, 'കരയണോ ? എന്തിനാ? ഞാന് സിസ്റ്ററോട് ചോദിക്കുന്നത് ബിനു കേട്ടിട്ടാണ് എന്നു തോന്നുന്നു, എന്റെ അടുത്തേക്ക് വേഗം നടന്നടുക്കുന്നതു ഞാന് കണ്ടു, നെറ്റ്വർക്കില്ലാത്ത് ഒരു ഫോണ് പാന്റിന്റെ പോക്കറ്റിലേക്കു തിരുകിക്കയറ്റുന്നതിനിടയില് ' സിസ്റ്റർ ഞാന് ഇവളെ വെളിയില് കൊണ്ടിരുത്തട്ടെ' ഈ മുറിയില് നിന്ന് എന്നെ മാറ്റുക എന്ന ഉദ്ദേശത്തിലാവും പറഞ്ഞത്"...തിഞ്ഞു നടക്കുന്നതിനിടയില് ഞാന് ഡാഡിയുടെ മുഖത്തേക്കു നോക്കി, ഒരു പുഞ്ചിരി

മായാത്ത വെളുത്ത വിറങ്ങലിച്ച ചുണ്ടുകള്, എന്നും കറുത്ത കരിവാളിച്ച പാടുകളുള്ള മുഖം, വീണ്ടും കറുത്തുവോ!!! അവസാനമായി വീണ്ടും പച്ച ഷീറ്റു മുഖം മറച്ചു മൂടിക്കൊണ്ട്, സിസ്റ്റര് വീണ്ടും കയ്യാല് ആഗ്യം കാട്ടി ബിനുവിന്റെ നേരെ.... പോ ,പോ ,പോ .

തിരിഞ്ഞു നടക്കുന്നതിനിടയില് മുട്ടിന്മേല് കാല്ക്കല് നിന്ന് ഹൃദയം പൊട്ടിക്കരയുന്ന എന്റെ സഹോദരന്, നെറ്റ്വര്ക്ക് ഇല്ലാത്ത ഫോണും, അപ്പന് ചെയ്ത പാപത്തിന്റെ കണക്കും പറഞ്ഞു കരഞ്ഞു തീര്ക്കയായിരിക്കും പാവം....... ദൈവത്തോടായിരിക്കും, ഡാഡി എന്തായാലും ഇല്ലല്ലോ , ഇവന്റെ കരച്ചില് കാണാന്!!! നാട്ടുകാര്ക്ക് എന്തായാലും കുശാല്.......

ഇടവയിലെ നനഞ്ഞ ബെഞ്ചില് ഞാന് വീണ്ടും ഇരുന്നു, ഡാഡിയുടെ ഡ്രൈവര് ഭാസ്കരന് ചേട്ടന്,നടന്നെത്തി, എന്റെ മഴ നനഞ്ഞ കയ്യില് പിടിച്ചു. പാര്ക്കിന്സണ്സ് ബാധിച്ച വിറച്ച കയ്യും കാലും വെച്ച് ഈ 70 ആം വയസ്സിലും ഡാഡിയുടെ മാരുതി 800 കാര് ഓടിക്കും.പോയി' കയറി കണ്ടിട്ടു വാ' എന്റെ വാക്കിന്റെ അവസനം ഞാനും അറിഞ്ഞു എന്റെ ഇളിഭ്യന് പുഞ്ചിരി.....

അതിരാവിലെ തകര്ത്തു പെയ്തിരുന്ന മഴ ,ചാറ്റല് മഴയായി, ഇനിയും ഒന്നു തോര്ന്നിരുന്നെങ്കില് എന്ന ചോദ്യവുമായിനിന്നു. ചെറുതുള്ളികളള്ക്ക് ശക്തി കുറഞ്ഞില്ലാതെയാവുന്നത് ഞാന് അറിഞ്ഞു. ആരും ഇല്ലാത്ത ഈ ബെഞ്ചില് ഇരുന്നു കൊണ്ട്!!!

ഇനി എന്ത് എന്ന് ഞാന് ഒരിക്കലും ആലോചിച്ചില്ല, എന്റെ കണക്കില് എല്ലാം ഇല്ലാതെയായി. എല്ലാം അവസാനിച്ചു, മൂന്നു വര്ഷം മുന്പ് അമ്മയുടെ വിറങ്ങലിച്ച ശരിരത്തിനരികെ , ഞാന് ഡാഡിയും കയ്യില് ചാരിനിന്നു, അന്ന് പാതി മരിച്ച ശരീരവുമായി ഞാന് കരയാതെ മിണ്ടാതെ നിന്നപ്പോള്, ചെകിടടച്ച്, കിട്ടിയ അടി, ഇന്നും ഓര്ക്കുമ്പോള് കണ്ണില് നക്ഷത്രങ്ങളും പൊന്നീച്ചയും നൃത്തം വെക്കാറുണ്ട്. എന്നെ എന്തിനാ അടിക്കുന്നത്, ഞാന് ഒന്നും ചെയ്തില്ലല്ലോ!! എന്റെ ശബ്ദത്തിനു പിന്നാലെ എന്റെ അടുത്ത് നിന്ന സൂസന്, എന്റെ കൂട്ടുകാരിയുടെ കരച്ചില് ഞാന് ഇന്നും ഓര്ക്കുന്നു. ഇന്നും ,അവള് വരുമായിരിക്കും ഡാഡിയുടെ അടക്കത്തിനും, അല്ലെ!!!അറിഞ്ഞവര് കേട്ടവര് , എത്തിത്തുടങ്ങി, ബിനുവിന്റെ മൊബൈല് ബെല് നിരന്തരം അടിച്ചു കൊണ്ടേയിരുന്നു...... കൂടെ എനിക്കു ചിരപരിചിതമായ പേരുകള് പറഞ്ഞ്, മരണവിവരം അറിയിക്കുന്നതിനിടയില് , എന്നിലേക്കെത്തുന്ന ബിനുവിന്റെ നോട്ടം...... എന്റെ അടുത്ത ഡ്രാമ ഇനി എന്താവും എന്നാവും പാവം.... ചിന്തിക്കുന്നത്', ഒരു കഥ അവസാനിക്കുന്ന ലാഘവത്തോടെ ഞാന് എല്ലാം കണ്ടുകൊണ്ടിരിക്കയായിരുന്നു. മഴ തീര്ന്ന ശേഷം,മഴക്കാറുകള് നീങ്ങി, ചെറിയ വെയിലിന്റെ കിരണങ്ങള് തൊട്ടു തൊട്ടു കിടക്കുന്ന എന്റെ ബെഞ്ചില് ഇരിന്നു കൊണ്ട്.

ഇതിനിടയില് ധൃതിയില് ഐ സി യുവിലേക്കു കയറിപ്പോകുന്ന ഡോക്ടര് ചാക്കോ, എല്ലാം എഴുതി ഒപ്പിട്ടു കൊണ്ട് , പഴയ സുഹൃത്തിന്റെ വിയോഗത്തില് ഒരു തലകുനിച്ചുള്ള നടത്തം എന്റെ ബെഞ്ചിന്റെ അരികിലെത്തി, എഴുനേല്ക്കാന് ശ്രമിച്ച എന്റെ കൂടെയിരുന്നു,അദ്ദേഹം' നമ്മളാല് കഴിയാവുന്നതിലപ്പുറം നാം ചെയ്തു, ബാബു ഒരു നല്ല മനുഷ്യനായിരുന്നു.ലിവര് സിറോസിസ്സ് നമ്മള് വിചാരിക്കുന്നതിലും അപ്പുറത്താണ്.' ലെന സംയമനം പാലിക്കുക.അത് ഇതിയാന് എന്നോടു പറയണോ!! മറ്റു നല്ല സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലേക്കു മാറ്റാന് , സമ്മതിക്കാതെ, ഞാന് ബാബുവിനെ ഇവിടുന്ന് നടത്തി ഇറക്കി വിടും എന്ന വീരവാദം , ഈ താഴ്മയുള്ള അപേക്ഷക്കിടയില് മറന്നോ ആവോ!!

എന്റെ നഷ്ടം ആര്ക്കും ഇല്ല. എന്റെ മരപ്പിനും ആര്ക്കും ഉത്തരം ഇല്ല. വര്ഷങ്ങള്ക്കു ശേഷം 5 ആം ഓര്മ്മദിവസത്തിനു മനോരമിയില് ഇത്തവണ് ഇത്തിരി വലിയ പടം കൊടുക്കണം. എങ്കിലും ചിത്രത്തിന്റെ വലിപ്പത്തിനും, ബിനുവിന്റെ അമ്മയുടെ ചെകിടുതകര്ക്കുന്ന അടിക്കു,ഇന്നും ഒരു തുള്ളി കണ്ണുനീരു പോലും എന്റെ കണ്ണില് നിന്നും വീഴിക്കാന് കഴിഞ്ഞിട്ടില്ല.എന്റെ ചോദ്യങ്ങള്ക്ക് ഉത്തരം തരാതെ എന്നെ തനിച്ചാക്കിയിട്ടു പോയ എന്റെ അപ്പനും അമ്മയും. ഞങ്ങ്ലില്ലാത്ത ഒരു ലോകത്തില് അവളുടെ കയ്യാരുപിടിക്കും, ചോദ്യങ്ങള്ക്കുത്തരം ആര് നല്കും എന്നു ചിന്തിക്കാതെ അസുഖത്തിന്റെയും മരുന്നിന്റെ കുറ്റം പറഞ്ഞവര് പോയി.അന്നാര്ത്തു പെയ്ത മഴ എനിക്കുവേണ്ടി കരഞ്ഞു തീര്ത്തു എന്റെ സങ്കടം,എന്റെ നഷ്ടം,സ്വാന്തനങ്ങളുടെ പെരുമഴക്കാലം ആയിരുന്നു പിന്നങ്ങോട്ട്. എല്ലാവര്ക്കും എല്ലാക്കാലവും പറഞ്ഞും കരഞ്ഞും തീര്ക്കാറുള്ള ഈ നഷ്ടം എനിക്കുമാത്രം വാശിയും,ദേഷ്യവും വെച്ചുനീട്ടി.എന്നെ ഉപേക്ഷിച്ചിറങ്ങിപ്പോയ എന്റെ അപ്പനും അമ്മയും.ആരു കൊടുത്തു അവര്ക്കീ അധികാരം, എന്നെ ഉപേക്ഷിക്കാന്?അവര് ചിന്തിക്കാത്ത ഒരു ചോദ്യം,? ഇന്നും ഉത്തരം ഇല്ലാത്ത എന്റെ മരവിപ്പിനൊപ്പം ഞാനും ഈ ലോകത്തു ജീവിക്കുന്നു, മറ്റൊരു മഴയില് ആര്ത്തു കരയാനായി.